പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1565 **21. 01. 2014-** ലെ മറുപടി

<u>നിതാഖത്ത് നിയമത്തെത്തുടർന്ന് മടങ്ങിയെത്തിയ മലയാളികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നിതാഖത്ത് നിയമത്തെത്തുടർന്ന് സൗദിഅറേബ്യയിൽ നിന്ന് മടങ്ങിയെത്തുന്നവർക്കായി സർക്കാർ പ്രഖ്യാപിച്ച പാക്കേജിൽ നിന്ന് ഇതിനകം എത്ര പേർക്ക് സംരംഭക സബ്സിഡി നൽകുകയുണ്ടായി;<br><br>(ബി) ഇത് സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതിയുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | (എയും ബിയും) സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ ഒരു സമഗ്ര പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. എന്നാൽ 2012 - 13 വർഷം തിരികെയെത്തിയ പ്രവാസികൾക്കായി NDPREM എന്ന ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയുണ്ടായി. സമഗ്ര പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്(എം. എസ്.)നം. 06/2013/നോർക്ക തീയതി 07/11/2013 ന്റെയും NDPREM പദ്ധതിക്ക് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവ്(ആർ.റ്റി.) 75/2013/നോർക്ക തീയതി 11/03/2013- ന്റെയും പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) നിതാഖത്തിനെത്തുടർന്ന് മടങ്ങി എത്തിയ ഗൾഫ് മലയാളികളുടെ എണ്ണം എത്രയാണ്; അങ്ങനെയുള്ളവരുടെ എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്; സംരംഭക സബ്സിഡി നൽകാനായി തുക അനുവദിച്ച് നൽകിയത് ഏത് സ്ഥാപനത്തിനാണ്; എത്ര പേർക്ക് സബ്സിഡി ലഭ്യമാക്കി ; വിശദമാക്കാമോ? | (സി) നിതാഖത്തിനെത്തുടർന്ന് മടങ്ങി എത്തിയ ഗൾഫ് മലയാളികളുടെ കൃത്യമായ കണക്ക് നോർക്ക വകുപ്പിൽ ലഭ്യമല്ല. 01/04/2013 മുതൽ 31/12/2013 വരെ സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഹെൽപ് ഡെസ്കുകളിലൂടെയും നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയിരുന്ന ഓൺലൈൻ സംവിധാനത്തിലൂടെയും 20,835 പേർ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിതാഖത്തിനെത്തുടർന്ന് മടങ്ങി എത്തിയ ഗൾഫ് മലയാളികൾ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം ഈ വകുപ്പ് ശേഖരിച്ചിട്ടില്ല. എന്നാൽ നോർക്ക റൂട്ട്സ് മുഖേന നടപ്പാക്കിവരുന്ന NDPREM എന്ന പദ്ധതിയിലൂടെ തിരികെയെത്തിയ പ്രവാസികൾ ആരംഭിക്കുന്ന സ്വയംതൊഴിൽ പദ്ധതികൾക്ക് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന വായ്പകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 10% മൂലധന സബ്സിഡി(പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. NDPREM എന്ന പദ്ധതിയുടെ ആനുകൂല്യത്തിന് ലഭിച്ച അപേക്ഷകൾ, ബാങ്കുകളും, വിവിധ വകുപ്പുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളുമായി ചേർന്ന് പരിശോധിച്ച് വരികയാണ്. ഈ പദ്ധതിയിൽ സബ്സിഡി നൽകുന്നതിന് ഒരു സ്ഥാപനത്തേയും ചുമതലപ്പെടുത്തിയിട്ടില്ല. പദ്ധതി നോർക്ക റൂട്ട്സ് മുഖേനയാണ് നടപ്പാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**